# ഗ്രാമവികസന കമ്മീഷണറേറ്റിലെ
# സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടിക്രമം.

(ഹാജർ: അജിത് ദാസ്.എ)

വിഷയം:- ഗ്രാമവികസന വകുപ്പ്- ജീവനക്കാര്യം- സീനിയർ ക്ലാർക്കുമാരുടെ സ്ഥാനക്കയറ്റം- ശ്രീ. രതീഷ്കുമാർ. ആർ, സീനിയർ ക്ലാർക്ക്, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) ഓഫീസ്, ആലപ്പുഴ- യുടെ പരാതിയിന്മേൽ നടപടി സ്വീകരിച്ച് ഉത്തരവാകുന്നു.

സൂചന:- 1) ആലപ്പുഴ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) ന്റെ 25.07.2018, 28.07.2018 എന്നീ തീയതികളിലെ ഡി5/2376/2018 നമ്പർ കത്തുകൾ
2) ഈ ഓഫീസിലെ 27.02.2016 ലെ 24520/എസ്റ്റാ.സി3/06/സി.ആർ.ഡി. നമ്പർ ഉത്തരവ്
3) ഈ ഓഫീസിലെ 08.12.2014 ലെ 24520/എസ്റ്റാ.സി3/06/സി.ആർ.ഡി. നമ്പർ ഉത്തരവ്
4) ഈ ഓഫീസിലെ 10.05.2011 ലെ 14934/എസ്റ്റാ.ഡി4/2010/സി.ആർ.ഡി. നമ്പർ ഉത്തരവ്
5) ഈ ഓഫീസിലെ 11.02.2016 ലെ 24520/എസ്റ്റാ.സി3/06 സി.ആർ.ഡി. നമ്പർ ഉത്തരവ്

**ഉത്തരവ് നം.10989/എസ്റ്റാ.സി.3/2018/സിആർഡി (2) തീയതി: 13.08.2018**

ആലപ്പുഴ ജില്ലയിൽ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ)-ന്റെ കാര്യാലയത്തിലെ ശ്രീ.രതീഷ്കുമാർ. ആർ-ന് 05.06.2015 പ്രാബല്യത്തിൽ സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി സൂചന (2) പ്രകാരം ഉത്തരവായിരുന്നു. 07/2014 പ്രാബല്യത്തിൽ അക്കൗണ്ട് ടെസ്റ്റ് നേടിയിട്ടുള്ള ടിയാന് പ്രസ്തുത തീയതിക്ക് ശേഷം നിലവിൽ വന്ന സീനിയർ ക്ലാർക്കുമാരുടെ ഒഴിവിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിന് അർഹതയുണ്ടായിരുന്നിട്ടും സൂചന (3) ഉത്തരവിൽ ടിയാനെ പരിഗണിച്ചില്ലെന്നും പ്രസ്തുത കാരണങ്ങളാൽ സീനിയർ ക്ലാർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ടിയാന്റെ സ്ഥാനം സർവ്വീസിൽ ടിയാനേക്കാൾ ജൂനിയറായ ജീവനക്കാരേക്കാൾ താഴെയായി നിർണ്ണയിക്കപ്പെട്ടിട്ടുള്ളത് പരിശോധിച്ച് സീനിയോറിറ്റി ലിസ്റ്റിൽ അർഹമായ സ്ഥാനം നിർണ്ണയിക്കണമെന്ന് ആവശ്യപ്പെട്ടും ശ്രീ.രതീഷ്കുമാർ.ആർ സമർപ്പിച്ച അപേക്ഷ സൂചന (1) പ്രകാരം ഈ ആഫീസിൽ ലഭിച്ചിട്ടുണ്ട്. ടിയാന്റെ പരാതി പരിഗണനാർഹമായതിനാൽ ടിയാന്റെ സ്ഥാനക്കയറ്റ തീയതിയും സീനിയോറിറ്റി ലിസ്റ്റിലെ സ്ഥാനവും പുനർനിർണ്ണയിച്ച് നൽകുന്നതിന് ആലപ്പുഴ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) ശിപാർശ ചെയ്തിട്ടുണ്ട്.

ശ്രീ.രതീഷ്കുമാർ.ആർ-ന്റെ അപേക്ഷയും സൂചന (1) ശിപാർശയും പരിഗണിച്ചതിൽ, ടിയാനെ സീനിയർ ക്ലാർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ 412-ാമതായി ഉൾപ്പെടുത്തി സൂചന (4) ഉത്തരവ് ഭേദഗതി ചെയ്തത് സൂചന (5) പ്രകാരം 11.02.2016 തീയതിയിൽ ആയതിനാലാണ് 08.12.2014-ലെ സൂചന (3) ഉത്തരവിൽ ടിയാനെ പരിഗണിക്കാൻ കഴിയാതെ വന്നതെന്നും 24.09.2014 മുതൽ പ്രാബല്യത്തിൽ ടിയാന് സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് മുൻകാല പ്രാബല്യത്തോടെ സ്ഥാനക്കയറ്റത്തിന് അർഹതയുണ്ടെന്നും ബോധ്യപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ആലപ്പുഴ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ)-ന്റെ കാര്യാലയത്തിൽ സീനിയർ ക്ലാർക്കായ ശ്രീ.രതീഷ്കുമാർ.ആർ-നെ 24.09.2014 മുതൽ മുൻകാല പ്രാബല്യത്തിൽ സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി നിയമിച്ച് സൂചന (2) ഉത്തരവ് ഭേദഗതി വരുത്തി ഇതിനാൽ ഉത്തരവാകുന്നു. സൂചന (2) ഉത്തരവിന്റെ അവശേഷിക്കുന്ന ഭാഗം മാറ്റമില്ലാതെ തുടരുന്നതാണ്. 01.07.2013 മുതൽ 29.02.2016 വരെ കാലയളയിലെ സീനിയർ ക്ലാർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ടിയാന്റെ സ്ഥാനം പുനർനിർണ്ണയിച്ച് നൽകുന്ന കാര്യം പിന്നീട് പരിഗണിക്കുന്നതാണ്.

ടിയാന്റെ സ്ഥാനക്കയറ്റ തീയതി ഭേദഗതി ചെയ്ത് സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട ആഫീസ് മേധാവി ടിയാന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തുന്നതാണ്.

(ഒപ്പ്)
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

വ്യക്തിയ്ക്ക്

പകർപ്പ്:

1. അസി. ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) ആലപ്പുഴ
2. എസി & എഡി സെക്ഷൻ, സി.ആർ.ഡി.
3. പി & എം സെക്ഷൻ, (ഔദ്യോഗിക വെബ്സെറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
4. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

13/7/16

ജൂനിയർ സൂപ്രണ്ട്

എസ്.വി